# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

**തൃശ്ശൂർ**

**E mail: kauagmet@yahoo.co.in**


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 03/16, ചൊവ്വാഴ്ച** **തീയ്യതി 12.01.2016**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 32.0 മുതൽ 33.3 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.6 മുതൽ 24.0 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 60 മുതൽ 78 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 33 മുതൽ 49 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 7.6 മുതൽ 9.4 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനംപ്രതി 8.2 മുതൽ 9.9 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 5.0 മുതൽ 5.8 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 13.01.2016 | 14.01.2016 | 15.01.2016 | 16.01.2016 | 17.01.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 22 | 22 | 22 | 22 | 22 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 3 | 2 | 2 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 40 | 40 | 40 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 70 | 70 | 70 | 90 | 90 |

**വിളകളുടെ സ്ഥിതി:**

പുഞ്ചകൃഷിക്ക് നിലം ഒരുക്കാം. പുതിയ വാഴകൾ നട്ട് ഒന്നു രണ്ടു മാസമാകുന്നു. തെങ്ങിനും കവുങ്ങിനും നന തുടരാം. ഇഞ്ചി, മഞ്ഞൾ,കുരുമുളക് എന്നിവയിൽ വിളവെടുപ്പ് തുടരുന്നു.

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | | പുഞ്ചകൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കൽ ആരംഭിക്കാം. |
| തെങ്ങ് | ഓലചീയൽ രോഗം | കൂമ്പോലകളുടെ അറ്റം കുമിൾ ബാധിച്ച് അഴുകി ഉണങ്ങി കാറ്റത്തു പറന്നു പോയി ഓലകൾ കുറ്റിയായി നിൽക്കുന്നതാണ് ഓലചീയൽ രോഗം. കാറ്റുവീഴ്ച്ചയുള്ള തെങ്ങുകളിൽ ഈ രോഗവും കാണാം. കഴിയുമെങ്കിൽ ഉണങ്ങി നിൽക്കുന്ന ഭാഗങ്ങൾ വെട്ടിമാറ്റുക. ബോർഡോ മിശ്രിതം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഈ മാസം മണ്ടയിൽ തളിക്കുക. |
| വാഴ | ഇലതീനി പുഴു | ഇവയെ നിയന്ത്രിക്കാനായി 2 മി.ല്ലി. ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| പച്ചക്കറികൾ | എഫിഡുകൾ | അന്തരീക്ഷതാപനില കൂടിവരുന്നതിനാൽ പച്ചക്കറികളിൽ നീരൂറ്റികുടിക്കുന്ന കീടങ്ങളുടെ ആക്രമണം കൂടുവാൻ സാധ്യതയുണ്ട്. എഫിഡുകളെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം തളിക്കുക. |